പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *213

17.08.2017 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗിന്റെ ഇടപെടലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.യു.പ്രതിഭ ഹരി<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ.ഡി.കെ.മുരളി : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | എ) തൊഴിൽ വകുപ്പിലെ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും 14 ജില്ലാ ലേബർ ഓഫീസർമാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. 2017 ൽ നാളിതുവരെ 31822 സ്ഥാപന പരിശോധനകൾ നടത്തുകയും 3757 പ്രോസിക്യൂഷനും 365 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ പ്ലാന്റേഷൻ മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിന് ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ കീഴിൽ സംസ്ഥാനത്ത് 11 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും പ്രവർത്തിച്ചുവരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം ടെക്സ്റ്റൈൽസ്. കൺസ്ട്രക്ഷൻ സൈറ്റുകൾ, ആശുപത്രികൾ. സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിൽ എൻഫോഴ്സ്മെന്റ് വിഭാഗം സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 1948 ലെ മിനിമം വേതന നിയമപ്രകാരവും 1936 ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ ഓൺലൈൻ ആയിതന്നെ പരിശോധന നടത്തി വരുന്നു. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരളാ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് |

| | |
|---|---|
| | സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| ബി) പീടികകളിലേയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് ഓവർടൈം വേതനം, ആഴ്ച അവധി, വിശ്രമവേള തുടങ്ങി ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട് |
| സി) തൊഴിൽ നഷ്ടഭീഷണി മൂലം തൊഴിലാളികൾക്കു പരാതിപ്പെടാൻ പോലും സാധിക്കാത്തതിനാൽ എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ട്; വിശദമാക്കുമോ; | സി) എൻഫോഴ്സ്മെന്റ് വിംഗിന്റെ പ്രവർത്തനം ഫലപ്രദമായി നടന്നുവരുന്നുണ്ട്. സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br>തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും **155214/180042555214** എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. |
| ഡി)ഏജൻസികളുടെ ചൂഷണത്തിന് വിധേയരാകുന്ന ഗാർഹിക തൊഴിലാളികൾ സെക്യൂരിറ്റി ജീവനക്കാർ എന്നീ വിഭാഗങ്ങളുടെ താല്പര്യസംരക്ഷണത്തിനായി ഏതു വിധത്തിൽ ഇടപെടാൻ സാധിക്കുന്നുവെന്ന് അറിയിക്കാമോ? | ഡി) ഗാർഹിക തൊഴിൽ, സെക്യൂരിറ്റി മേഖല എന്നിവയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നുവെന്ന് സ്ഥാപന പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്. സെക്യൂരിറ്റി മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചതിന്റെയും സ്ഥാപന പരിശോധനകളിൽ ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 29/07/17 ന് സംസ്ഥാനത്തെ 79 സെക്യൂരിറ്റി ഏജൻസികളിൽ സ്പെഷ്യൽ പരിശോധന നടത്തി കണ്ടെത്തിയ നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

Sreelekha
**സെക്ഷൻ ഓഫീസർ**